● ഡോ. മുഹമ്മദ് അസ്സൽമി

# ഇന്ത്യാ-ഇസ്രയേൽ ബന്ധത്തിന്റെ നിഗൂഢത

**ഇന്ത്യ** ഇസ്രയേലീ ചാരഉപഗ്രഹം ടക്സാർ വിക്ഷേപിക്കുന്ന ദിവസം മാധ്യമപ്രവർത്തകരെ സംഭവസ്ഥലത്തുനിന്ന് അകറ്റിനിർത്തുകയുണ്ടായി. അസാധാരണവും അമ്പരപ്പിക്കുന്നതുമായിരുന്നു ഇന്ത്യൻ സ്പെയ്സ് ഓർഗനൈസേഷൻ അധികൃതരുടെ ഈ പ്രവൃത്തി. ഇന്ത്യൻ റോക്കറ്റുകൾ വിക്ഷേപിക്കുമ്പോൾ ഉണ്ടാകാറുള്ള നടപടിക്രമങ്ങളുടെ ലംഘനം കൂടിയായിരുന്നു അത്. ഇതിനെക്കുറിച്ച് ഇന്ത്യൻ ബഹിരാകാശ സംഘത്തിന്റെ മേധാവിയുടെ വിശദീകരണം ഇങ്ങനെയായിരുന്നു: "ഞങ്ങളുടെ കരങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നു; വായകൾ മൂടിവെക്കപ്പെട്ടിരിക്കുന്നു." എന്തുകൊണ്ടെന്നാൽ ടക്സാറുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും അതിന്റെ ദൗത്യം പൂർത്തീകരിക്കുന്നതുവരെ അതീവ രഹസ്യമായിരിക്കണമെന്നാണ് ഇസ്രയേൽ ഗവൺമെന്റിന്റെ നിർദേശം. ഇവിടെ നമുക്ക് ചിലത് ചോദിക്കാതിരിക്കാനാവില്ല. എന്തിനാണ് ഇന്ത്യ ഇങ്ങനെ ഇസ്രയേലിനെ ഭയക്കുന്നത്? ജനങ്ങളിൽനിന്ന് ഇത്തരം കാര്യങ്ങൾ മറച്ചുവെക്കുന്നതെന്തിനാണ്?

ഇന്ത്യാ-ഇസ്രയേൽ ബന്ധത്തെ വേറിട്ടുനിർത്തുന്നത് അതിന്റെ നിഗൂഢസ്വഭാവവും ഒരുതരം അടഞ്ഞ സമീപനവുമാണ്. 1992-ൽ നരസിംഹറാവു തെൽഅവീവുമായുള്ള നയതന്ത്രബന്ധങ്ങൾ പുനരാരംഭിച്ചതു മുതൽക്കേ ഈ നിഗൂഢത പ്രകടമായിരുന്നു. ബന്ധങ്ങൾ നിയമവിരുദ്ധമാണ് എന്നതാണ് ഈ രഹസ്യ സ്വഭാവത്തിന് കാരണം.

റാവു അധികാരമേൽക്കും മുമ്പ് ഇന്ത്യ സയണിസ്റ്റ് ശക്തികളുമായി അകലം പാലിച്ചിരുന്നു. ജവഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി മന്ത്രിസഭകളൊക്കെയും അതിന് തെളിവാണ്. ഇപ്പോഴത്തെ പ്രധാനമന്ത്രി മൻമോഹൻ സിംഗ് സയണിസ്റ്റ് ശക്തികളുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കാൻ ആവോളം ശ്രമിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇസ്രയേലുമായി പ്രത്യേക നയതന്ത്രബന്ധമുള്ള ലോകത്തിലെ ഏക രാഷ്ട്രമായി ഇന്ത്യ മാറിയിരിക്കുന്നു. അതുകൊണ്ടു തന്നെ 900 മില്യൻ ഡോളർ വിലയുള്ള ആയുധങ്ങളാണ് ഇന്ത്യ പ്രതിവർഷം ഇസ്രയേലിൽനിന്ന് വാങ്ങിക്കൊണ്ടിരിക്കുന്നത്. ഇന്ത്യ ഏറ്റവും കൂടുതൽ ആയുധങ്ങൾ വാങ്ങുന്നത് ഇസ്രയേലിൽനിന്നാകുമെന്ന കണക്കുകൂട്ടലിലാണ് ഇന്ത്യൻ പ്രതിരോധ മന്ത്രാലയം. പാകിസ്താനുമായി അതിർത്തി സംഘർഷം മൂർഛിച്ച ശേഷം മാത്രം ഇരു രാജ്യങ്ങളുടെയും ആയുധ ഇടപാട് ഏകദേശം ഏഴു ബില്യൻ ഡോളറിലെത്തിയിരിക്കുന്നു.

2006-ൽ മാത്രം രണ്ട് ബില്യൻ ഡോളറിന്റെ ആയുധ ഇടപാടാണ് നടന്നത്. അമേരിക്കക്കുപോലും ഒരു ബില്യൻ ഡോളറിന്റെ ഇടപാടുമായി രണ്ടാം സ്ഥാനത്ത് നിൽക്കേണ്ടിവന്നു. അടുത്ത അഞ്ചു വർഷത്തിനകം 30 ബില്യൻ ഡോളറിന്റെ ആയുധം ഇസ്രയേൽ ഇന്ത്യക്ക് വിൽക്കുമെന്ന് കരുതപ്പെടുന്നു. സയണിസ്റ്റ് രാഷ്ട്രത്തിൽനിന്ന് ആയുധങ്ങൾ വാങ്ങാനായി മാത്രം ചില യൂറോപ്യൻ രാജ്യങ്ങളുമായി ഉണ്ടാക്കിയിരുന്ന കരാറുകൾ വരെ ഇന്ത്യ ലംഘിക്കുകയുണ്ടായി.

'ഇസ്ലാമിക ഭീകരത'യെ നേരിടാൻ സയണിസ്റ്റ് അനുഭവപരിചയം ഉപയോഗപ്പെടുത്താനുള്ള ഇന്ത്യയുടെ നീക്കവും ആയുധക്കച്ചവടത്തെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഈ നീക്കത്തിൽ ഇന്ത്യയെ ഒപ്പം നിർത്താനാണ് അവർ ശ്രമിക്കുന്നത്. ഇന്ത്യയിലെ ഹിന്ദുത്വ ലോബിയും അമേരിക്കയിലെ സയണിസ്റ്റുകളും തമ്മിൽ '70-കളിൽ തന്നെ രഹസ്യബന്ധം ആരംഭിച്ചിരുന്നു. ഇസ്ലാമിനെതിരെ യുദ്ധം എന്നതായിരുന്നു പൊതു ലക്ഷ്യം. 1984 മുതൽ ഫലസ്ത്വീനികളുമായി ന്യൂദൽഹി കാത്തുസൂക്ഷിച്ച അടുത്ത ബന്ധത്തെക്കുറിച്ച് ഈ സന്ദർഭത്തിൽ ഓർക്കാം. ഫലസ്ത്വീൻ വിമോചന സംഘടനക്ക് എംബസി തുറന്നുകൊടുത്ത ആദ്യ രാഷ്ട്രം ഇന്ത്യയായിരുന്നു. ഇന്ത്യയും ഫലസ്ത്വീനും തമ്മിൽ പ്രത്യേക ബന്ധംതന്നെ ഉടലെടുത്തു. ഫലസ്ത്വീനികൾക്ക് ഇന്ത്യ ചെയ്തുകൊടുക്കുന്ന സേവനങ്ങൾ മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു വളരെ അഭിമാനത്തോടെ എടുത്തു പറയുകയുണ്ടായി.

അന്താരാഷ്ട്ര സമ്മർദങ്ങൾക്കിടയിലും മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും മകൻ രാജീവ് ഗാന്ധിയും ഇസ്രയേലുമായി അകന്നുനിൽക്കാനുള്ള തീരുമാനത്തിൽ ഉറച്ചുനിന്നു. നരസിംഹറാവു വന്നതോടെയാണ് ഇന്ത്യ ഈ നിലപാടിൽനിന്ന് വ്യതിചലിച്ചുതുടങ്ങിയത്. അദ്ദേഹത്തിന്റെ ഭരണകാലത്താണ് ഹിന്ദുത്വ ഫാഷിസ്റ്റുകൾ ബാബരി മസ്ജിദ് തകർത്തത്. പള്ളി തകർക്കുന്നതിൽനിന്ന് അക്രമികളെ തടയാൻ അദ്ദേഹം ശ്രമിച്ചതുമില്ല. അന്നു മുതൽ ഇന്ത്യയുമായി ബന്ധം ഉറപ്പിക്കാൻ കിട്ടുന്ന ഒരവസരവും ഇസ്രയേൽ പാഴാക്കിയില്ല. ഇന്ത്യൻ ഭരണകർത്താക്കളെ പ്രലോഭിപ്പിക്കുന്ന വാഗ്ദാനങ്ങൾ അവർ നൽകിക്കൊണ്ടിരുന്നു.

സയണിസ്റ്റ് ശക്തികളുടെ സുവർണ യുഗം ആരംഭിക്കുന്നത്, 1996-ൽ വാജ്പേയിയുടെ നേതൃത്വത്തിൽ ഭാരതീയ ജനതാ പാർട്ടി ഇന്ത്യ ഭരിക്കാൻ തുടങ്ങിയത് മുതൽക്കാണ്. അതിനു ശേഷമാണ് ഇന്ത്യൻ ആഭ്യന്തരമന്ത്രി എൽ.കെ അദ്വാനി ഇസ്രയേൽ സന്ദർശിക്കുന്നതും അഞ്ചു ദിവസത്തോളം അവിടെ താമസിക്കുന്നതും. പിന്നീട് ഇന്ത്യൻ ഭരണ സിരാകേന്ദ്രത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന ഉന്നതരുടെ ഒഴുക്കായിരുന്നു ഇസ്രയേലിലേക്ക്. വിദേശകാര്യമന്ത്രി ജസ്വന്ത് സിംഗും ശേഷം പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ജ്യോതിബസുവും കൂടെ രാജ്യസഭാ അധ്യക്ഷയായിരുന്ന നജ്മ ഹിബത്തുല്ലയും നടത്തിയ ഇസ്രയേൽ സന്ദർശനങ്ങളും ഉദാഹരണം.

സയണിസ്റ്റുകളുമായുള്ള ബന്ധം

ഇന്ത്യ രഹസ്യമാക്കി വെച്ചിട്ടും പലപ്പോഴും അത് മറ നീക്കി പുറത്തുവന്നുകൊണ്ടിരുന്നു. പ്രത്യേകിച്ചും 2003 സെപ്റ്റംബറിൽ അന്നത്തെ ഇസ്രയേൽ പ്രധാനമന്ത്രി ഏരിയൽ ഷാരോണിന് ഇന്ത്യ നൽകിയ ഗംഭീര സ്വീകരണത്തിനു ശേഷം. ആ സമയത്ത് എതിർപ്പിന്റെ ഒരു ചെറുശബ്ദം പോലും ഇന്ത്യൻ രാഷ്ട്രീയത്തിൽ എവിടെയും ഉയർന്നു കേട്ടില്ല. ഇസ്രയേലുമായുള്ള അവിശുദ്ധ ബന്ധം ജനസംഖ്യയിൽ 15 ശതമാനത്തോളം വരുന്ന മുസ്‌ലിം സമൂഹം അംഗീകരിക്കുന്നില്ല എന്നറിഞ്ഞിട്ടുപോലും ഇതാണ് അവസ്ഥ.

സയണിസ്റ്റ് ശക്തികളുമായുള്ള ദൃഢബന്ധവും ഇടപാടുകളും ഇന്ത്യ മറച്ചുവെക്കാൻ ശ്രമിച്ചത് അറേബ്യൻ ഗൾഫ് രാഷ്ട്രങ്ങളുമായുള്ള ബന്ധത്തിന് ഉലച്ചിൽ തട്ടാതിരിക്കാൻ വേണ്ടിയായിരുന്നു. കാരണം ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന മൂന്നു മില്യൻ ഇന്ത്യക്കാരെ അത് പ്രതികൂലമായി ബാധിക്കും. ഇന്ത്യ ഇറക്കുമതി ചെയ്യുന്ന എണ്ണയുടെ 25 ശതമാനം ഗൾഫിൽനിന്നായതും മറ്റൊരു കാരണമാണ്.

സ്വാഭാവികമായും ഒരു ചോദ്യം ഇവിടെ പ്രസക്തമാണ്. എന്തുകൊണ്ടാണ് പിന്നെയും ഇന്ത്യ ഇസ്രയേലുമായി ബന്ധം മെച്ചപ്പെടുത്താൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നത്? യഥാർഥത്തിൽ സയണിസ്റ്റ് ലോബി ഇന്ത്യയിലെ രാഷ്ട്രീയക്കാരെയും പാർലമെന്റ് അംഗങ്ങളെയും മാധ്യമപ്രവർത്തകരെയും വിലയ്ക്കെടുത്ത് കഴിഞ്ഞിരിക്കുന്നു. ഇക്കൂട്ടരുടെ എന്താഗ്രഹവും സാധിപ്പിച്ചു കൊടുക്കാൻ സയണിസ്റ്റ് ലോബി തയാർ. ഇക്കൂട്ടരാണല്ലോ ഇന്ത്യയിൽ ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നതും.

സയണിസ്റ്റ് കെണിയിലാണ് ഇന്ത്യ വീണു പോയിരിക്കുന്നത്. ഫലസ്ത്വീൻ പോരാളി ഗ്രൂപ്പുകളെ നേരിടാൻ തങ്ങൾ പ്രയോഗിക്കുന്ന പോരാട്ട തന്ത്രങ്ങൾ ഇന്ത്യൻ രഹസ്യാന്വേഷണ വിഭാഗങ്ങളെ പഠിപ്പിക്കാമെന്നാണ് സയണിസ്റ്റുകൾ വാക്കുകൊടുത്തിരിക്കുന്നത്. ഇന്ത്യ-പാക് അതിർത്തിയിലൂടെ നുഴഞ്ഞുകയറുന്ന ഇസ്‌ലാമിക ഭീകരരെ നേരിടാൻ അത് ഉപകരിക്കുമെന്നും അവരെ വിശ്വസിപ്പിച്ചിരിക്കുന്നു. മൊസാദിന്റെ നിയന്ത്രണത്തിലാണ് ഇന്ത്യൻ രഹസ്യാന്വേഷണ സംഘങ്ങൾ എന്ന് ചുരുക്കം. അതിനാൽ, ഒരു ഭീകരാക്രമണം നടന്നാൽ അന്വേഷണം പോലും നടക്കുന്നതിനു മുമ്പ് മുസ്‌ലിംകളെ പ്രതിപ്പട്ടികയിൽ ചേർക്കുന്നതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. ■

(2008 മാർച്ച് 21, *അൽമുജ്തമഅ്* വാരിക, കുവൈത്ത്).

**വിവ: പി.പി ജസീം**